"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -പാലക്കാട് മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസുത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ, ചട്ടം 16(8), എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.32/2023/LSGD തീയതി,തിരുവനന്തപുരം, 03-02-2023

---

പരാമർശം:-

1. പാലക്കാട് നഗരസഭ കൗൺസിലിന്റെ 12/07/2022 ലെ കൗൺസിൽ തീരുമാനം നം. 2
2. പാലക്കാട് നഗരസഭാ കൗൺസിലിന്റെ 29/10/2022-ലെ കൗൺസിൽ തീരുമാനം നം. 1
3. പാലക്കാട് നഗരസഭ സെക്രട്ടറിയുടെ 13/12/2022-ലെ ഇ1-57199/18 നം. കത്ത്.
4. പാലക്കാട് ജില്ലാ നഗരാസൂത്രകന്റെ 13/12/2022-ലെ ടിസിപിപികെഡി/5/2021/ഡി നം. കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 22/12/2022-ലെ ടിസിപിസിടിപി/469/2021-എഫ്1 നം. കത്ത്.

**<u>ഉത്തരവ്</u>**

അമൃത് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ കരട് പാലക്കാട് മാസ്റ്റർപ്ലാൻ പരിഷ്കരണങ്ങളോടെ സ്വീകരിക്കുവാനും ആയത് സംബന്ധിച്ചുള്ള ഒരു നോട്ടീസ് നിർദ്ദിഷ്ട മാതൃകയിൽ (ഫോറം II-ൽ) പ്രസിദ്ധീകരിക്കുവാനും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്പാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ, ചട്ടം 3 (I), (IV) പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുവാനും പ്രസ്തുത കമ്മിറ്റിയ്ക്ക് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരമുള്ള മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളും എല്പ്പിച്ചു നൽകുവാനും പരാമർശം (1) പ്രകാരം പാലക്കാട് നഗരസഭ തീരുമാനിച്ചിരുന്നു.

(2) തുടർന്ന്, 2021-ലെ കേരള നഗര-ഗ്രാമാസുത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16 (1) പ്രകാരം, മാസ്റ്റർപ്ലാൻ പരിഷ്കരണങ്ങളോട്ടു കൂടി സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യം ഫാറം II-ൽ, 24/11/2022 ലെ 3960-ാം നമ്പരായി പാലക്കാട് നഗരസഭ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

(3) സ്പെഷ്യൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ, പാലക്കാട് നഗരസഭയ്ക്കായുള്ള മാസ്റ്റർപ്ലാൻ കരട് റിപ്പോർട്ട്, നഗരസഭാ കൺസിൽ ഭേദഗതികളോടെ അംഗീകരിക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിന്റെ അനുമതിയ്ക്കായി അയച്ചു നൽകുന്നതിനും, പരാമർശം (2) പ്രകാരം പാലക്കാട് നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും ആയതുപ്രകാരം, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36, 2021-ലെ കേരള നഗര.ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(7) എന്നിവ പ്രകാരമുള്ള പ്രസിദ്ധീകരണാനുമതിയ്ക്കായി കരട് മാസ്റ്റർപ്ലാൻ പാലക്കാട് നഗരസഭ പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

(4) പ്രസിദ്ധീകരണ അനുമതിയ്ക്കായി പാലക്കാട് നഗരസഭാ സെക്രട്ടറി സമർപ്പിച്ച, കരട് പാലക്കാട് മാസ്റ്റർപ്ലാൻ തുടർനടപടികൾക്കായി പരാമർശം (4) പ്രകാരം ജില്ലാ നഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(5) 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാൻ രൂപീകരണവും ആനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം, അങ്ങനെയുള്ള പ്ലാൻ ലഭിച്ച് 60 ദിവസത്തിനുള്ളിൽ, ബന്ധപ്പെട്ട നഗരസഭയ്ക്ക്, ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് സർക്കാരിന് അധികാരമുള്ളതാണ്.

(6) അമൃത് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാൻ, ആയതിന്മേലുള്ള പാലക്കാട് നഗരസഭാ കൗൺസിലിന്റെ ശിപാർശ പരിഗണിച്ച് കൊണ്ട്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസുത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ, ചട്ടം 16(8), എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകുന്നതിന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ, പാലക്കാട് നഗരസഭാ കൗൺസിൽ തീരുമാനം എന്നിവ പരിഗണിച്ചുകൊണ്ട് അമൃത് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ പാലക്കാട് മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ, ചട്ടം 16(8), എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, പാലക്കാട് (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, പാലക്കാട് നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anilkumar C
Date: 03-02-2023 14:47:23
സെക്ഷൻ ഓഫീസർ